move REALTY making your Move easy!
Sales | Rental | Management | Home Loan
02 9631 1101
admin@moverealty.com.au
www.moverealty.com.au

# മലയാളീപത്രം

*Published from Sydney, Australia*

Peterson Travel Pty Ltd
Office : +61 2 9011 6902
Mobile : +61 403 555 516
Email : sales@petersontravel.com.au
Web : www.petersontravel.com.au

2017 | ജൂൺ | 24 പേജ് | ഓസ്ട്രേലിയൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താപത്രം | www.malayaleepathram.com.au

## ആസ്ട്രേലിയൻ കുടിയേറ്റം: പുതിയ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു

**പ്രതാപ് ലക്ഷ്മണൻ**

**ബ്രിസ്ബൺ:** ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നടപ്പിലാക്കിയ ചില വിസ പരിഷ്കരണങ്ങൾക്കും, പൗരത്വ അപേക്ഷ മാറ്റങ്ങൾക്കും ശേഷം ആസ്ട്രേലിയൻ സർക്കാർ ഈ വർഷം ജൂലൈ മുതൽക്കോ, അധികകാല താമസം കൂടാതെയോ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന വിസ മാറ്റങ്ങളെക്കുറിച്ച് വിവരങ്ങൾ പുറത്ത് വന്നിട്ടുണ്ട്. പോയിന്റ് അടിസ്ഥാനത്തിൽ ലഭ്യമാകുന്ന ജനറൽ സ്കിൽഡ് മൈഗ്രേഷൻ വിസകളെയാണ് ഇത് ബാധിക്കുന്നത്.

നിലവിൽ ജനറൽ സ്കിൽഡ് മൈഗ്രേഷൻ (ജി.എസ്.എം) വിഭാഗത്തിൽപ്പെട്ട 3 തരം വിസകൾ ആണ് നിലവിലുള്ളത്. ഇത് കൂടാതെ നാലാമത് ഒരു വിസ കൂടി ഉൾപ്പെടുത്തി (ന്യൂസിലാന്റ് സിറ്റിസൺ സ്ട്രീം) വിപുലീകരിക്കപ്പെടുകയാണ്. 2017 ജൂലൈ 1 മുതൽ നിലവിൽ വരുന്ന ഈ വിസയ്ക്ക് നിശ്ചിത പോയിന്റ് ലഭിക്കണമെന്ന നിബന്ധനയില്ല. ന്യൂസിലാന്റ് പൗരത്വമുള്ളവരും, 2016 ഫെബ്രുവരി 19 ന് മുമ്പ് ആസ്ട്രേലിയയിൽ എത്തിയിട്ടുള്ളവരും, 5 വർഷക്കാലമായി ആസ്ട്രേലിയയിൽ ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നവർക്കാണ് ഈ



വിസയുടെ പ്രയോജനം ലഭിക്കുക. മറ്റ് ജനറൽ സ്കിൽഡ് മൈഗ്രേഷൻ വിസകളെപ്പോലെ പ്രായപരിധി ഈ വിസയ്ക്ക് ഇല്ല.

ജനറൽ സ്കിൽഡ് മൈഗ്രേഷൻ വിസയിലെ മറ്റ് പ്രധാനപ്പെട്ട മാറ്റം സബ്ക്ലാസ് 189 വിസയ്ക്ക് നിലവിലുള്ള പ്രായപരിധിയായ 49 വയസ് കുറച്ച് 44 വയസാക്കി മാറ്റുന്നു എന്നുള്ളതാണ്. എന്നാൽ സബ്ക്ലാസ് 190, 489 വിസകൾക്ക് ഈ മാറ്റം ബാധകമാകില്ല.

മറ്റൊരു പ്രധാനപ്പെട്ട മാറ്റം പ്രതീക്ഷിക്കപ്പെടുന്നത് നിലവിലുള്ള തൊഴിൽ പ്പട്ടികകളിലാണ്. ഇക്കഴിഞ്ഞ ഏപ്രിലിൽ നിലവിൽ വന്ന MLTSSL, STSOL പട്ടികകളിൽ മാറ്റങ്ങൾ വരുത്തുന്നുവെന്ന് അന്ന് തന്നെ സൂചിപ്പിച്ചിരുന്നു. നിലവിലുള്ള MLTSSL ൽ ഉൾപ്പെടുത്തിയിട്ടുള്ള പല തൊഴിലുകളും (ഫ്ളാഗ്ഡ് ഒക്ക്യുപേഷൻസ്) പുതിയ മാറ്റങ്ങളിൽപ്പെട്ട് നീക്കം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. എഞ്ചിനീയറിംഗ്, ഐടി മേഖല, അക്കൗണ്ടിംഗ് സെക്ടർ തൊഴിലുകളെയാവും ഇത്തരത്തിൽ മാറ്റങ്ങൾ ഉണ്ടായാൽ ബാധിക്കുകയെന്ന് വിലയിരുത്തപ്പെടുന്നു. പുതിയ മാറ്റങ്ങൾ ശരിയായ യോഗ്യതയും തൊഴിൽ പരിചയവുമുള്ളവരെ പ്രതികൂലമായി ബാധിക്കാൻ ഇടയില്ല. എന്നാൽ മൊത്തത്തിൽ നടക്കുന്ന കുടിയേറ്റത്തെ എങ്ങനെ ബാധിക്കുമെന്ന് പറയുവാൻ ഏതാനും മാസങ്ങൾ കാത്തിരിക്കണം.

## ആകാശത്തു വച്ച് എൻജിൻ തകർന്നു വിമാനം സുരക്ഷിതമായി നിലത്തിറക്കി

**സിഡ്നി:** എൻജിനിൽ വലിയ ദ്വാരം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് പറന്നുയർന്ന വിമാനം സുരക്ഷിതമായി താഴെയിറക്കി. സിഡ്നിയിൽ നിന്നും ചൈനയിലെ ഷാൻഹായിലേക്ക്



പോകേണ്ടിയിരുന്ന ചൈന ഈസ്റ്റേൺ വിമാനമാണ് തിരികെ സിഡ്നിയിൽ തന്നെ ഇറക്കിയത്. എയർബസ് എ 330-200 ടിൻ ജെറ്റ് വിമാനമാണ് അത്ഭുതകരമായി രക്ഷപ്പെട്ടത്. യാത്രക്കാർ എല്ലാവരും സുരക്ഷിതരാണെന്ന് അധികൃതർ അറിയിച്ചു.

വിമാനം പറന്നുയർന്ന് അൽപസമയത്തിനുള്ളിൽ ഇടത് എൻജിനുള്ള ഭാഗത്ത് എന്തോ പ്രശ്നമുള്ളതായി വിമാനജീവനക്കാർക്ക് സംശയം തോന്നുകയായിരുന്നു. ഇതേതുടർന്ന് അടിയന്തിരമായി വിമാനം സിഡ്നി വിമാനത്താവളത്തിൽ തന്നെ ഇറക്കാൻ തീരുമാനിച്ചു. താഴെ ഇറങ്ങിയപ്പോഴാണ് ഭീകരമായ അവസ്ഥ മനസിലായത്. വിമാനത്തിന്റെ ഇടതു എൻജിന്റെ വലിയൊരു ഭാഗം തകർന്നിരിക്കുന്നു. ഇതിന്റെ ചിത്രങ്ങളും വീഡിയോയും സമൂഹ മാധ്യമങ്ങൾ വഴി പ്രചരിക്കുന്നുണ്ട്.

റോൾസ് റോയിസ് ആണ് വിമാനത്തിന്റെ എൻജിൻ നിർമ്മിച്ചിരിക്കുന്നത്. സംഭവത്തിൽ ഓസ്ട്രേലിയൻ ട്രാൻസ്പോർട്ട് സേഫ്റ്റ് ബ്യൂറോയും ചൈനയും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. വിമാനം പറന്നുയർന്ന് അൽപസമയത്തിനകം എന്തോ കത്തുന്ന മണവും തകരുന്ന ശബ്ദവും കേട്ടിരുന്നുവെന്ന് യാത്രക്കാരിൽ ഒരാൾ പറഞ്ഞു. എന്താണ് സംഭവിക്കുന്നതെന്ന് മനസിലായില്ല. എല്ലാരും ഭയന്നു. തുടർന്ന് വിമാനജീവനക്കാർ എല്ലാവരെയും സമാധാനിപ്പിക്കാൻ ശ്രമിച്ചുവെന്നും യാത്രക്കാർ പറഞ്ഞു.






## മലയാളിപത്രം




വാർത്താ പ്രചരണം

## സമൂഹമാധ്യമങ്ങൾക്കൊരു പെരുമാറ്റച്ചട്ടം

പൊതുജനാഭിപ്രായം രൂപീകരിക്കപ്പെടുന്നത് ഒരു നാട്ടിൽ പ്രചാരത്തിലുള്ള രണ്ടോ മൂന്നോ ദിനപ്പത്രങ്ങളുടെ രഹസ്യ അജണ്ടയോ വാക്ചാതുര്യമുള്ള രാഷ്ട്രീയ പ്രസംഗകരുടെ ആശയങ്ങളോ ചില കച്ചവട സിനിമകളോ ആയിരുന്ന കാലഘട്ടം കടന്നുപോയി. ഭരണരംഗത്തോ കലാസാംസ്കാരിക രംഗങ്ങളിലോ സംഭവിക്കുന്ന സൂഷ്മമായ പരിണാമങ്ങൾ പോലും സമൂഹമാധ്യമങ്ങളിൽ തിരമാല പോലെ സ്പന്ദിക്കുന്ന കാലമാണിത്.

മധ്യയുഗങ്ങളിലെ ഇരുണ്ട യൂറോപ്പിനെ നവോത്ഥാനത്തിലേക്ക് രൂപാന്തരം വരുത്തിയത്, ഭൂഗോളത്തിന് അതിരുകളില്ലായെന്ന് അഴികൾ നീന്തിക്കടന്ന് പ്രഖ്യാപിച്ച സാഹസികരായ നാവികരായിരുന്നു. അതിനേക്കാൾ വലിയ പ്രകാശത്തിലേക്ക് ലോകത്തെ എത്തിക്കാൻ കഴിവുള്ള ആയുധങ്ങളാണ് നവമാധ്യമങ്ങൾ അഥവ സമൂഹമാധ്യമങ്ങൾ

എന്നാൽ ഇന്ന് നടുക്കടലിൽ ദിക്കറിയാതെ വെറുതേ തുഴയുകയാണ് പലപ്പോഴും അവചെയ്തുക്കൊണ്ടിരിക്കുന്നത്. മതസൗഹാർദ്ദത കൂട്ടാനുള്ള ആയിരം വെടിക്കോപ്പുകളാണ് ഓരോ ദിവസവും ഫെയ്സ്ബുക്കിലും വാട്ട്സാപ്പിലും പൊട്ടിച്ചുകൊണ്ടിരിക്കുന്നത്. പല പോസ്റ്റുകളിലെയും ആശയങ്ങൾ അത്യധികം മാരകവുമാണ്. മതങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ സംവാദങ്ങൾ നല്ലതാണ് എന്നുപറയുന്നവർ ഉണ്ട്. എന്നാൽ അതിന്റെ കാലം കഴിഞ്ഞിരിക്കുന്നു. അറിയപ്പെടുന്ന എല്ലാ മതങ്ങളും അടിസ്ഥാനആശയങ്ങളും അവയിലെ എല്ലാ ദൈവസങ്കൽപ്പവും സമാനമായ ആശയത്തിലേക്കു ചൂണ്ടിനിൽക്കുമ്പോൾ മതങ്ങൾ വാദിക്കുന്നത് തീർത്തും നിരർത്ഥകതക്കുവേണ്ടിയാണ് സമൂഹ മാധ്യമങ്ങളിൽ നടത്തുന്ന യുദ്ധങ്ങൾ എത്രമേൽ അർത്ഥശൂന്യമാണ്.

രണ്ടാമത്തെ യുദ്ധം രാഷ്ട്രീയപ്പാർട്ടികൾ തമ്മിലുള്ളതാണ്. വ്യക്തിഹത്യയാണ് പലപ്പോഴും രാഷ്ട്രീയ തിമരം ബാധിച്ചവരുടെ പ്രചരണരീതി. ആർക്കാണ് കൂടുതൽ ദേശസ്നേഹമെന്നു പരിശോധിക്കുവാൻ തിളച്ച എണ്ണയിൽ കൈമുക്കണം എന്ന രീതിയിലാണ് പലരും പോസ്റ്റുകൾ ഇടുന്നത്.

മൂന്നാമതൊരു കൂട്ടർക്കു മതപ്രചരണത്തിനുള്ള വേദിയാണ് സമൂഹമാധ്യമങ്ങൾ. തങ്ങളുടെ മതത്തിലേക്ക് ആളെക്കൂട്ടി തങ്ങളുടെ ദൈവത്തെ കൂടുതൽ പ്രീതിപ്പെടുത്തിക്കളയാമെന്ന വ്യാമോഹം എത്ര വിഡ്ഢിത്തമാണെന്നു പറയേണ്ടതില്ലല്ലോ.

സമൂഹമാധ്യമങ്ങളിൽ സാധാരണക്കാരന്റെ സാമാന്യബോധത്തെ വെല്ലുവിളിക്കാത്തതും അവന്റെ വികാരത്തെ വൃണപ്പെടുത്താത്തതുമായ പോസ്റ്റുകളോടു സമരസപ്പെടാം. അവ അല്പം നിലവാരം കുറഞ്ഞവയാണെങ്കിൽ കൂടെ...

ഒന്നോർക്കുക സമകാലീനസമൂഹത്തിനു ലഭിച്ച വലിയ അനുഗ്രഹങ്ങളിലൊന്നാണ് സമൂഹമാധ്യമങ്ങൾ, ഏറ്റവും വലിയ ചാലകശക്തി. രാഷ്ട്രീയത്തിലേക്കും മതത്തിലും അനീതികളോടും അധർമ്മങ്ങളോടും അരുതായികളോടും പോരാടാനുള്ള ഏറ്റവും ശക്തമായ ആയുധം. അതിന്റെ ശക്തിയെ തിരിച്ചറിയണം. ഒരുപക്ഷേ നമ്മുടെ മുഖ്യധാരാപത്രങ്ങൾക്ക് അവയുടെ ശക്തിയെ പൊതുജനത്തിനു മുമ്പിൽ അംഗീകരിച്ചുകൊടുക്കാൻ വിമുഖതയുണ്ടാവും.

വിവേകപൂർവ്വം സമൂഹമാധ്യമങ്ങളെ ഉപയോഗിക്കുക. ഇവിടെ വിമർശനത്തിനും സഹിഷ്ണുതക്കുമിടയിൽ അതിർവരമ്പുകളുണ്ടാവണം. വിശാലമായ മാനവികതയുടെ അളവുകോൽ കൊണ്ടല്ലാതെ സമൂഹമാധ്യമങ്ങളിൽ ഒരു പെരുമാറ്റച്ചട്ടം അത്ര എളുപ്പമല്ല. സങ്കുചിത കാഴ്ച്ചപ്പാടുകൾ ഉപേക്ഷിച്ചാൽ സമൂഹമാധ്യമങ്ങൾക്ക് ചരിത്രത്തിലിന്നോളം ആർക്കും കഴിയാതിരുന്ന വലിയ ചാലകശക്തിയാകും. ഏറ്റവും ചുരുങ്ങിയകാലം കൊണ്ടു തന്നെ ഗുണാത്കരമായ മാറ്റങ്ങൾ കണ്ടുതുടങ്ങും.

ഏറ്റവും ശക്തമായ ആയുധം മാനവരാശിയുടെ ഉത്കർഷത്തിനായി ഉപയോഗിക്കാം. സമൂഹപരിഷ്കരണത്തിന്റെയും നീതിയുടെയും ധർമ്മത്തിന്റെയും നിർവ്വചിക്കപ്പെടാത്ത തലങ്ങളിലേക്ക് അതിവേഗം എത്തിച്ചേരാൻ പുതിയ മാധ്യമങ്ങളെ പ്രയോജനപ്പെടുത്താം. ആവശ്യമായ കരുതലുകൾ സ്വയം സൃഷ്ടിച്ചാൽ അതിരുകളില്ലാത്ത ലോകം നമുക്കു മുമ്പിൽ തുറന്നുകിട്ടും.

**ചീഫ് എഡിറ്റർ**
**തോമസ് കുരുവിള**

# കാൻബറയിലെ ഇടുക്കിക്കാരി കണക്കിന്റെ നെറുകയിൽ



**കാൻബറ:** കാൻബറ ആൽഫ്രഡ് ഡീക്കിൻ ഹൈസ്കൂളിൽ പഠിക്കുന്ന പത്താം ക്ലാസ്സുകാരിയായ കൊച്ചുമിടുക്കി ഇന്റർനാഷണൽ മാത്സ് മോഡല്ലിംഗ് ചലഞ്ചിംഗ് വിന്നറായി തെരെഞ്ഞെടുക്കപ്പെട്ടു.

കാൻബറയിൽ ഫിലിപ്പിൽ താമസിക്കുന്ന ഇടുക്കി തടിയൻപാട് വെട്ടുകല്ലാംകുഴിയിൽ റോയിയുടെയും റോസ് മേരിയുടെയും മകളായ ബ്രിൻഡാ റോസ് റോയിയാണ് ഇ നേട്ടം കൊയ്ത മലയാളി. 2016-ൽ ഓസ്ട്രേലിയായിലെത്തിയ ബ്രിൻഡായുടെ ഈ ബഹുമതി വിദ്യാഭ്യാസത്തിൽ പ്രത്യേകിച്ച് കണക്കിലുള്ള പ്രാവിണ്യത്തെ എടുത്തുകാണിക്കുന്ന ഒന്നാണ്. ബ്രിൻഡാ ഒൻപതാം ക്ലാസുവരെ ഇടുക്കി കരിൻപൻ സെന്റ് തോമസ് പബ്ളിക് സ്കൂളിലെ വിദ്യാർത്ഥിനിയായിരുന്നു. ഓസ്ട്രേലിയായിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും നടത്തിയ ഓൺലൈൻ മൽസരത്തിൽ ഓരോ സംസ്ഥാനത്ത് നിന്നും തെരെഞ്ഞെടുത്ത അഞ്ചുപേരിൽ നിന്നുമാണ് ബ്രിൻഡാ ഒന്നാമത് എത്തുന്നത്. വിജയിയുടെ സർട്ടിഫിക്കറ്റും പുരസ്കാരവും ജൂണിൽ നൽകുമെന്നാണ് സ്കൂൾ അധികൃതർ ബ്രിൻഡായെ അറിയിച്ചിരിക്കുന്നത്.

## ഇന്ത്യൻ പൗരനു നേരെ ഓസ്ട്രേലിയയിൽ വംശീയാതിക്രമം

**മെൽബൺ:** ഇന്ത്യൻ പൗരനായ ടാക്സി ഡ്രൈവർക്കു നേരെ ഓസ്ട്രേലിയായിൽ വംശിയാതിക്രമം. ഓസ്ട്രേലിയയിലെ തസ്മാനിയയിലാണ് സംഭവം. 25കാരനായ പ്രദീപ് സിംഗ് എന്ന ടാക്സി ഡ്രൈവർക്കാണ് ആക്രമണം നേരിടേണ്ടി വന്നത്.

ടാക്സിയിൽ കയറിയ യുവതിക്ക് ഛർദിക്കണമെന്ന് പറഞ്ഞപ്പോൾ കാറിൽ നിന്ന് പുറത്തിറങ്ങണമെന്നും അല്ലാത്ത പക്ഷം കാർ വൃത്തിയാക്കു ന്നതിനുള്ള പണം നൽകണമെന്നും പ്രദീപ് സിംഗ് ആവശ്യപ്പെട്ടു. ഇതേത്തുടർന്ന് യുവതിക്കൊപ്പമുണ്ടായിരുന്ന യുവാവ് തന്നെ മർദിക്കുകയായി രുന്നുവെന്നാണ് പ്രദീപ് സിംഗ് വ്യക്തമാക്കിയത്.

മർദ്ദിക്കുക മാത്രമല്ല വംശീയമായി അധിക്ഷേപിക്കുകയും അസഭ്യം പറയു കയും ചെയ്തുവെന്നും പ്രദീപ് പറഞ്ഞു. തന്നെപ്പോലുള്ള വൃത്തികെട്ട ഇന്ത്യക്കാർ ഇതെല്ലാം അനുഭവിക്കാൻ ബാധ്യസ്ഥരാണ് എന്ന് പറഞ്ഞായിരുന്നു ആക്രമണം. മർദനമേറ്റ് അബോധവാ സ്ഥയിലായ ഇയാളെ മറ്റ് യാത്ര ക്കാരാണ് ആശുപത്രി യിലെത്തിച്ചത്. പ്രദീപ് സിംഗിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ യുവതിയേയും യുവാവിനെയും പോലീസ് അറസ്റ്റ് ചെയ്ത് വിട്ടയച്ചു. ഇവരോട് ജൂൺ 26-ന് ഹോബർട്ട് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാകാനാണ് നിർദേശിച്ചിരിക്കുന്നത്.

ഒരു വർഷത്തിനിടെ ഇന്ത്യൻ വംശജരായ ടാക്സിഡ്രൈവ ർമാർക്ക് നേരെ ഉണ്ടാകുന്ന മൂന്നാമത്തെ വംശീയാ ധിക്ഷേപവും ആക്രമണവു മാണിത്.

## ലണ്ടനിലേക്ക് പുറപ്പെട്ട വിമാനത്തിൽ സംശകരമായ സംഭാഷണം; ജർമ്മനിയിൽ ഇറക്കി

**ലണ്ടൻ:** സ്ലൊവാനിയയിൽ നിന്നും ലണ്ടനിലേക്ക് പുറപ്പെട്ട യാത്രാ വിമാനത്തിനുള്ളിൽ നിന്ന് സംശയകരമായ സംഭാഷണം ഉണ്ടായതിനെതുടർന്ന് ജർമനിയിൽ അടിയന്തരമായി ഇറക്കി. യാത്രക്കാരെ മുഴുവൻ ഒഴിപ്പിക്കുകയും മൂന്നു യാത്രക്കാരെ പോലീസ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു. വിമാനത്തിൽ ഉണ്ടായിരുന്ന യാത്രക്കാരാണ്, മൂന്നു പേർ ഭീകര പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുന്ന കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഇതേതുടർന്ന് വിമാനം ജർമനിയിലെ കൊളോണിൽ അടിയന്തിരമായി ഇറക്കാൻ പൈലറ്റ് തീരുമാനിക്കുകയായിരുന്നു. എന്തു സംഭാഷണമാണ് യാത്രക്കാർ സംശകരമായി നടത്തിയതെന്ന് പോലീസ് അറിയിച്ചില്ല. കൊളോണിൽ വിമാനം ഇറക്കിയ ശേഷം 151 യാത്രക്കാരെയും പോലീസ് സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. വിമാനത്തിനുള്ളിൽ സംശകരമായി പെരുമാറിയ മൂന്നു പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇവരുടെ ബാഗുകൾ ബോംബ് സ്ക്വാർഡ് പ്രത്യേകം പരിശോധിക്കുകയും ചെയ്തു. ഇതിൽ നിന്നും സംശകരമായി ഒന്നും കണ്ടെത്തിയില്ല. സംഭവത്തെ തുടർന്ന് വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ താളം തെറ്റി. ഏതാണ്ട് ഇരുപതോളം വിമാനങ്ങൾ വൈകിയാണ് പുറപ്പെട്ടത്.

യൂറോപ്യൻ രാജ്യങ്ങളിലുണ്ടാകുന്ന ഭീകരാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ജർമ്മനിയിൽ കനത്ത സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്.

മലയാളിപത്രം

EDITORIAL BOARD

CHIEF EDITOR
Thomas Kuruvila-Sydney
0421519883, 02-9622 8752

EDITOR& P.R.O
Murali Menon-Sydney
0409687400

SUB EDITOR
Avanish Panikkar-0409786837-Sydney

NEWS ADVISOR
Johnson Mamalassery-0423490331
Wagga Wagga

EXECUTIVE EDITOR & MARKETING
Sujeev Varghese Sydney-0401875806

SUB EDITORS - BRISBANE
Prathap Lakshmanan- 0401866578
Honey Pynadath -0426262001
Viji Mathew - 0452500851

SPECIAL CORRESPONDENTS
Jomon -Melbourne-0401211623
Benedict Cherian -Canberra - 0451373482
Jojo Mathew -Canberra - 0423393425
Shiju Scaria -Alice Springs - 0411873957
Subash Mangatt -Perth - 0402746405
Joseph Vaidyan- Perth- 0409988913
Biju- Townsville - 0421155800
Joshy Alexander -Dubbo - 0430980077
Domin -Oranage - 0469956634
ShijoThevalakattu- Port Macquarie - 0469257902

KERALA CORRESPONDENTS
Shanoj Cherian-0091 9747903335
AbdulHameed-0091 8714987098

WEB ADMINISTRATOR
Abin Abraham- Sydney -0481170988

Email :malayaleepathram@yahoo.com.au
malayaleepathramaustralia@gmail.com
Website : www.malayaleepathram.com.au
Follow us in facebook
https://www.facebook.com/malayaleepathram

Disclaimer
The articles, news and any other comments written in Malayaleepathram are solely of the writers and which may not be representing the views of the Editorial Board.



Dezire
MORTGAGE SOLUTIONS

HOME LOANS
INVESTMENT LOANS
REFINANCE
CONSTRUCTION LOANS
DEBT CONSOLIDATION
PERSONAL LOANS
COMMERCIAL LOANS
BUSINESS LOANS
INSURANCE



BIJOY PHILIP
0423 079 596
bijoy@deziremortgage.com.au



BIPIN PAUL
0405 092 788
bipin@deziremortgage.com.au

www.deziremortgage.com.au

# ഗോൾഡ്കോസ്റ്റിലെ മൾട്ടികൾച്ചറൽ ആഘോഷങ്ങൾ ശ്രദ്ധേയമായി

ചെറിയാൻ വേണാട്

ഗോൾഡ്കോസ്റ്റ്: ഗോൾഡ് കോസ്റ്റിലെ സൗത്ത്പോർട്ട് മേരി ഇമ്മാക്കുലേറ്റ് കാത്തലിക് പാരീഷിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മൾട്ടി കൾച്ചറൽ ആഘോഷങ്ങളിൽ സീറോ മലബാർ കാത്തലിക് കമ്മ്യൂണിറ്റിയുടെ സഹകരണം ഏവരുടെയും പ്രശംസാ പാത്രമായി.





മെയ് മാസം 28-ാം തീയതി രാവിലെ 8.30ന് മൾട്ടികൾച്ചറൽ മാസിനുശേഷം ഗോൾഡ് കോസ്റ്റ് കാത്തലിക് കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ ബ്രിസ്ബൺ ചെണ്ടമേളത്തിന്റെ അകമ്പടിയോടുകൂടി വിവിധ രാജ്യങ്ങളിൽ നിന്നുള്ള കാത്തലിക് സമൂഹം പ്രധാനവേദിയിലെത്തി. തുടർന്ന് വ്യത്യസ്ത രീതിയിലുള്ള ഓരോ രാജ്യത്തിന്റെയും കലാപരിപാടികൾ അരങ്ങേറി. കേരളീയരുടെ തനതു കലാരൂപമായ ചെണ്ടമേളം ആകർഷണമായ അനുഭവമായി. പ്രത്യേകം തയ്യാറാക്കിയ കൗണ്ടറിലൂടെ ഓരോ രാജ്യങ്ങളുടെയും ഭക്ഷണങ്ങൾ സൗജന്യമായി ഉണ്ടായിരുന്നു. ഗോൾഡ് കോസ്റ്റിലെ കാത്തലിക് കമ്മ്യൂണിറ്റി തയ്യാറാക്കിയ സൗത്ത് ഇന്ത്യൻ ഭക്ഷണം ഏറെ രുചികരമായിരുന്നു. സാജൻ ആന്റണി, ജോഷി ജോസഫ്, ഷിൻസൺ കുര്യൻ, ഷൈജോ സേവ്യർ, ദീപു, ജോജോസ്, ജോസ്, റെജിമോൻ ജോസഫ്, ജയ്സൺ, ചെറിയാൻ വേണാട് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# ലണ്ടൻ ഭീകരാക്രമണത്തിൽ മരിച്ചവരിലൊരാൾ സൗത്ത് ഓസ്ട്രേലിയൻ നഴ്സ് ക്രിസ്റ്റി ബോഡെൻ

വിജി മാത്യൂ

ലണ്ടൻ: ലണ്ടൻ ഭീകരാക്രമണത്തിൽ ഓസ്ട്രേലിയൻ നഴ്സായ ക്രിസ്റ്റി ബോഡെൻ മരിച്ചുവെന്ന് സ്ഥിരീകരിക്കപ്പെട്ടു. ആക്രമണത്തിൽ പരുക്കേറ്റ മറ്റുള്ളവരെ സഹായിക്കുന്നതിനിടയിലാണ് ഇവരെ ഭീകരർ ആക്രമിച്ച് കൊന്നതെന്നും വ്യക്തമായിട്ടുണ്ട്. ഇതിനെ തുടർന്ന് ഇവരുടെ നിസ്വാർത്ഥവും ധീരവുമായ പ്രവൃത്തിയെ വാഴ്ത്തി നിരവധി പേർ രംഗത്തെത്തിയിട്ടുണ്ട്. ഈ 28 കാരിയുടേത് മാതൃകാപരമായ പ്രവൃത്തിയായിരുന്നുവെന്ന് വിവരിച്ച് ലണ്ടനിലെ മെട്രോ പൊളിറ്റൻ പോലീസ് ഇവരുടെ കുടുംബത്തിനായി ഒരു പ്രസ്താവന പുറത്തിറക്കിയിരുന്നു.

സൗത്ത് ഓസ്ട്രേലിയയിലെ റിവർ ലാൻഡിലെ ലോക്സ്ടണിലാണ് ബോഡെൻ സ്വദേശം. ലണ്ടനിലെ ഗേസ് ആൻഡ് സെന്റ് തോമസ് ഹോസ്പിറ്റലിലാണ് ഇവർ നഴ്സായി ജോലി ചെയ്ത് വന്നിരുന്നത്. ബോഡെൻ ഈ ആശുപത്രിയിലെ മാതൃകാപരമായി പ്രവർത്തിച്ചിരുന്ന നഴ്സായിരുന്നുവെന്നാണ് ഇവിടുത്തെ ചീഫ് നഴ്സായ ഡാമെഐയ്‌ലീൻ പ്രതികരിച്ചിരിക്കുന്നത്.



തനിക്ക് ചുറ്റുമുള്ളവരെ സഹായിക്കാൻ ഏത് പ്രതികൂല സാഹചര്യത്തിലും സ്വന്തം ജീവൻ പോലും അവഗണിച്ച് പ്രവർത്തിച്ച മഹതിയാണെന്നാണ് മെട്രോ പൊളിറ്റൻ പോലീസ് ഇവരെ വാഴ്ത്തിയിരിക്കുന്നത്. ബോഡന്റെ കുടുംബത്തെയും സുഹൃത്തുക്കളെയും പിന്തുണയ്ക്കുന്നതിനായി ഡിപ്പാർട്ട്മെന്റ് ഓഫ് ഫോറിൻ അഫയേർസുമായി ചേർന്ന് പ്രവർത്തി ക്കുന്നുവെന്നാണ് സൗത്ത് ഓസ്ട്രേലിയൻ പ്രീമിയറായ ജേവെതറിൽ വെളിപ്പെ ടുത്തുന്നത്. ഇത് സൗത്ത് ഓസ്ട്രേലിയക്കാരെ മുഴുവൻ വിഷമത്തിലാഴ്ത്തിയ ദുരന്തമാണെന്നാണ് പ്രീമിയർ പ്രതികരിച്ചിരിക്കുന്നത്. ലണ്ടൻ ദുരന്തത്തിൽ മറ്റൊരു ഓസ്ട്രേലിയായ സാറ സെലെനകിനെ കാണാതായിട്ടുണ്ട്.

# ഓസ്ട്രേലിയയിൽ നഴ്സിംഗ് ഹോം മരണങ്ങൾ 400 ശതമാനം വർദ്ധന

വിജി മാത്യൂ

നഴ്സിംഗ് ഹോം മരണങ്ങൾ ഓസ്ട്രേലിയയിൽ ഇക്കഴിഞ്ഞ 13 വർഷങ്ങൾക്കിടെ 400 ശതമാനം വർധിച്ചിരിക്കുന്നുവെന്നാണ് ദി മെഡിക്കൽ ജേർണൽ ഓഫ് ഓസ്ട്രേലിയ അടുത്തിടെ പ്രസിദ്ധീകരിച്ച ഒരു പഠനം വെളിപ്പെടുത്തുന്നത്.

. ഓസ്ട്രേലിയയിലെ നഴ്സിംഗ് ഹോമുകളിൽ അവിടുത്തെ അന്തേവാസികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ നഴ്സുമാരുടെ അനുപാതം അപകടകരമായ വിധത്തിൽ ഒഴിവാക്കാനാവുന്ന മരണങ്ങൾ ഹോസ്പിറ്റലുകളിലും സംഭവിക്കുന്നുണ്ടെന്നും അദ്ദേഹം പറയുന്നു. പ്രായമായവർ മരണത്തിലേക്ക് പോകാനൊരുങ്ങിനിൽക്കുന്നവരാണെന്നും അതിനാൽ അവരെ നഴ്സിംഗ് ഹോമിലാക്കുന്നതോടെ അവർക്കിവിടെ അനായാസമായി മരണത്തിന് കാത്തിരിക്കാമെന്നുമാണ് മിക്കവരും ധരിച്ച് വച്ചിരിക്കുന്നതെന്നും ഇബ്രാഹിം പറയുന്നു. നഴ്സിംഗ് ഹോമുകളിൽ രജിസ്ട്രേഡ് നഴ്സുമാരെ ലഭിക്കാത്ത



ഇടിഞ്ഞ് താഴ്ന്ന് കൊണ്ടിരിക്കുന്നുവെന്ന് ഏറ്റവും പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ആശുപത്രികളിൽ നിന്നും വ്യത്യസ്തമായി നഴ്സിംഗ് ഹോമുകൾക്ക് ഈ വർഷങ്ങൾക്കിടെ അവയുടെ കെയർ സ്റ്റാൻഡേർഡ് കാത്ത് സൂക്ഷിക്കാനായിട്ടില്ലെന്നാണ് ഈ പഠനത്തിന്റെ മുഖ്യ ഓഥറും മൊനാഷ് യൂണിവേഴ്സിറ്റി പ്രൊഫസറുമായ ജോസഫ് ഇബ്രാഹിം പറയുന്നത്. ഇത്തരത്തിൽ അവസ്ഥയാണുണ്ടാകുന്നതെന്നും റിപ്പോർട്ടുണ്ട്. ഇതിനാൽ മറ്റ് പാശ്ചാത്യ രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഓസ്ട്രേലിയ കെയറിന്റെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ വളരെ പുറകോട്ട് പോയിരിക്കുന്ന അവസ്ഥയാണുള്ളതെന്നും അഡ്വക്കസി ഗ്രൂപ്പായ ഏയ്ജ്ഡ് കെയറിലെ ലിൻഡ സാൾട്ടറെല്ലി പറയുന്നു.


## For Placing Web Ads and Classified Ads in Malayaleepathram

**Contact:**
0421 519 883, 0401 875 806
0481 170 988





# തെരേസ മേയ്ക്ക് കനത്ത പ്രഹരം; ബ്രിട്ടനിൽ തൂക്കുസഭ



**ലണ്ടൻ:** ഇടക്കാല തെരഞ്ഞെടുപ്പിലൂടെ നേട്ടംകൊയ്ത് യൂറോപ്യൻ യൂണിയനിൽ നിന്നു പുറത്തുകടക്കാനുള്ള ബ്രെക്സിറ്റ് നടപടിക്കു വേഗവും ആക്കവും വർധിപ്പിക്കാമെന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി തെരേസ മേയുടെ പ്രതീക്ഷയ്ക്ക് കനത്ത പ്രഹരം.

ബ്രിട്ടീഷ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ മേയുടെ കൺസർവേറ്റീവ് പാർട്ടിക്ക് (ടോറി) കേവലഭൂരിപക്ഷം ലഭിച്ചില്ല. 650 അംഗ സഭയിൽ 649 എണ്ണത്തിലെ ഫലം വന്നപ്പോൾ 318ൽ ജയിച്ച് കൺസർവേറ്റീവ് പാർട്ടി ഏറ്റവും വലിയ ഒറ്റകക്ഷിയായെങ്കിലും കേവല ഭൂരിപക്ഷത്തിനു വേണ്ടിയിരുന്ന 326 എന്ന സംഖ്യ തൊടാനായില്ല. എന്നാൽ, ഡെമോക്രാറ്റിക് യൂണിയനിസ്റ്റ് പാർട്ടിയുമായി (ഡി.യു.പി) ചേർന്ന് മന്ത്രിസഭ രൂപീകരിക്കുമെന്നു മേ അറിയിച്ചു. കാലാവധി തീരാൻ മൂന്ന് വർഷം ശേഷിക്കേയാണ് മേ ഇടക്കാല തെരഞ്ഞെടുപ്പിന് ഇറങ്ങിയത്. 2015 തെരഞ്ഞെടുപ്പിൽ കൺസർവേറ്റീവ് പാർട്ടിക്കു 331 സീറ്റ് ഉണ്ടായിരുന്നു. മുഖ്യ പ്രതിപക്ഷമായ ലേബർ പാർട്ടി കഴിഞ്ഞ തവണത്തേക്കാൾ 29 സീറ്റ് അധികം നേടി 261–ൽ എത്തി. കഴിഞ്ഞ തവണ 56 സീറ്റ് ഉണ്ടായിരുന്ന സ്കോട്ടിഷ് നാഷണൽ പാർട്ടിക്കും തിരിച്ചടി നേരിട്ടു. 35 സീറ്റ് മാത്രം നേടാനേ അവർക്കായുള്ളൂ. സ്വതന്ത്ര സ്കോട്ലൻഡിനായുള്ള അവരുടെ വാദത്തിന്റെ മുനയൊടിക്കാൻ തെരഞ്ഞെടുപ്പിനായി എന്നതാണു ശ്രദ്ധേയം.

ജനഹിതം മാനിച്ച് തെരേസ മേ രാജിവയ്ക്കണമെന്ന് ലേബർ പാർട്ടി നേതാവ് ജെറെമി കോർബിൻ ആവശ്യപ്പെട്ടു. എന്നാൽ, രാജ്യം രാഷ്ട്രീയ സ്ഥിരത ആവശ്യപ്പെടുന്നതിനാൽ അതുറപ്പാക്കേണ്ട ചുമതല തന്റെ പാർട്ടിക്കുണ്ടെന്നായിരുന്നു മേയുടെ പ്രതികരണം.

മാഞ്ചസ്റ്ററിലെയും ലണ്ടനിലെയും ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ രാജ്യ സുരക്ഷ വിഷയമാക്കി യാണ് ലേബർ പാർട്ടി തെരഞ്ഞെടുപ്പിനെ നേരിട്ടത്. എക്സിറ്റ് ഫലം ശരിവയ്ക്കുന്നതാ യിരുന്നു കൺസർവേറ്റീവ് പാർട്ടിക്കേറ്റ തിരിച്ചടി. പാർട്ടിക്ക് തിരിച്ചടി നേരിട്ടെങ്കിലും ദക്ഷിണ–കിഴക്കൻ ഇംഗ്ലണ്ടിലെ മെയ്ഡെൻഹെഡിൽ നിന്ന് 37,780 വോട്ടിനു മേ വിജയിച്ചു.

പ്രാദേശിക സമയം 12.30 നു ബക്കിംഗ്ഹാം കൊട്ടാരത്തിലെത്തി എലിസബത്ത് രാജ്ഞിയെ കണ്ട് മേ മന്ത്രിസഭ രൂപീകരിക്കാനുള്ള അനുമതി തേടി. പത്ത് സീറ്റുള്ള ഡെമോക്രാറ്റിക് യൂണിയനിസ്റ്റ് പാർട്ടിയുടെ പിന്തുണയുണ്ടെന്നു കാണിച്ചായിരുന്നു ഇത്. വടക്കൻ അയർലണ്ടിലെ പ്രധാന പ്രാദേശിക പാർട്ടിയായ ഡി.യു.പിയെ ഒപ്പം കൂട്ടുന്നതോടെ മേയുടെ കൺസർവേറ്റീവ് പാർട്ടിക്ക് 328 സീറ്റുമായി ഭരണത്തിൽ തുടരാനാകും. എന്നാൽ, നേതാവായി മേ തുടരുന്നതിനെ പാർട്ടി എം.പി അന്ന ബൗബ്രി നിശിതമായി വിമർശിച്ചു. ഏപ്രിലിൽ പ്രഖ്യാപിച്ച ഇടക്കാല തെരഞ്ഞെടുപ്പിൽ മേയ്ക്ക് ജൂണിൽ തിരിച്ചടി ലഭിച്ചതോടെ, ഈ മാസം 19 മുതൽ നടക്കുന്ന ബ്രെക്സിറ്റ് ചർച്ചകളിൽ അവരുടെ നില പരുങ്ങലിലാകും. ബ്രെക്സിറ്റ് ചർച്ചകൾ 19 നു തുടങ്ങാനാവില്ലെന്ന സൂചന യൂറോപ്യൻ യൂണിയന്റെ (ഇ.യു) മിഷേൽ ബാർണിയർ നൽകി. ബ്രിട്ടൻ ഒരുങ്ങിക്കഴിഞ്ഞ് ചർച്ച ആരംഭിക്കാമെന്ന് ബാർണിയർ ട്വീറ്റ് ചെയ്തു.

ലിബറൽ ഡെമോക്രാറ്റിക് മുൻ നേതാവ് നിക് ക്ലെഗ്, സ്കോട്ടിഷ് നാഷണൽ പാർട്ടിയുടെ അലക്സ് സാൽമുണ്ട് തുടങ്ങിയവർ അപ്രതീക്ഷിതമായി പരാജയപ്പെട്ടു. ആകെ പോൾ ചെയ്തതിൽ 48.9 ശതമാനം വോട്ട് കൺസർവേറ്റീവ് നേടി. ലേബർ പാർട്ടി 40.2 ശതമാനവും

കക്ഷി നില (ബ്രാക്കറ്റിൽ കഴിഞ്ഞ തവണത്തെ സീറ്റ്)

ആകെ സീറ്റ് – 650 ഫലം പ്രഖ്യാപിച്ചത് – 649

കൺസർവേറ്റീവ് പാർട്ടി – 318 (331)

ലേബർ പാർട്ടി – 261 (232), സ്കോട്ടിഷ് നാഷണൽ പാർട്ടി – 35 (56), ലിബറൽ ഡെമോക്രാറ്റ് – 12 (8) , ഡെമോക്രാറ്റിക് യൂണിയനിസ്റ്റ് പാർട്ടി – 10 (8) , സിൻ ഫെയിൻ – 7(4), പ്ലെയ്ഡ് കെമ്രി (പാർട്ട് ഓഫ് വെയ്ൽസ് ) – 4 (3), ഗ്രീൻ പാർട്ടി – 1 (1)






## കവിത

**സി. കാളിയാമ്പുഴ**



### മണ്ണുപാവകൾ

മർത്ത്യജീവിതം, പുൽക്കൊടിക്കൊപ്പം
ഓർക്കൂ മാനവാ, സൗമ്യനാക നീ
വീണപൂവുപോൽ, നീ ഒഴിഞ്ഞിടും
നിന്റെ ഓർമ്മകൾ മാഞ്ഞുപോയിടും,
സൗമ്യനാക നീ, ശാന്തി തേടൂ നീ
നാടു നീളെ നീ, പണിക വേണ്ടിനി
ചില്ലുമേടകൾ, കോട്ടകൊത്തളം

അലിഞ്ഞുപോയിടും മണ്ണിലൊക്കെയും
സൽക്കർമ്മഗോപുരം പണിക മേലിൽ നീ
സുഖിച്ചുവാഴുവാൻ കൊതിച്ചിടണ്ട നീ
അന്ത്യനോവുകൾ സ്മരിച്ചു വാഴ്ക നീ
മാന്ത്രികത്തുരുത്തിതിൽ
നമ്മൾ മണ്ണുപാവകൾ




# ഓസ്ട്രേലിയൻ കുടിയേറ്റം: നിങ്ങളുടെ സംശയങ്ങൾക്ക് മറുപടി

പ്രതാപ് ലക്ഷ്മണൻ



**ചോദ്യം-1 അഖിൽ മസ്ക്കറ്റ്**
ഞാൻ മെക്കാനിക്കൽ എഞ്ചിനീയറായി ജോലി നോക്കുന്നു. എനിക്ക് 4.5 വർഷത്തെ തൊഴിൽ പരിചയം ഉണ്ട്. എനിക്ക് ആസ്ട്രേലിയൻ മൈഗ്രേഷന് അപേക്ഷിക്കുവാൻ താല്പര്യമുണ്ട്. അടുത്തകാലത്ത് അവിടെ വന്ന മാറ്റങ്ങൾ എന്റെ സാധ്യതകളെ ബാധിക്കുമോ?

**ഉത്തരം:**
താങ്കളുടെ ബയോഡാറ്റയിൽ നിന്നും മനസ്സിലാവുന്നത് 4.5 വർഷത്തെ തൊഴിൽ പരിചയം ഇന്ത്യയിലും വിദേശത്തുമായി ഉണ്ടെന്നാണ്. മെക്കാനിക്കൽ എഞ്ചിനീയർ ഇപ്പോൾ ആസ്ട്രേലിയൻ കുടിയേറ്റത്തിന് അർഹതയുള്ള തൊഴിൽപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ അപേക്ഷകർക്ക് ഉയർന്ന പോയിന്റ് ലഭിച്ചാൽ മാത്രമേ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇമിഗ്രേഷനിൽ നിന്നും പ്രധാനഅപേക്ഷ സമർപ്പിക്കുവാൻ ക്ഷണം ലഭിക്കുകയുള്ളൂ. ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തെ പോയിന്റ് നിലവാരമനുസരിച്ചാണെങ്കിൽ 75 പോയിന്റ് ലഭിച്ചവർക്കാണ് അത്തരത്തിൽ ക്ഷണം ലഭിച്ചിട്ടുള്ളത്. കൂടാതെ നിലവിലുള്ള ഒക്ക്യുപേഷൻ ലിസ്റ്റ് ഈ വരുന്ന ജൂലൈ മാസത്തിൽ റിവ്യു ചെയ്ത് പുനഃപ്രസിദ്ധീകരിക്കുന്നതിനാൽ അതുവരെ കാത്തിരിക്കേണ്ടി വരുന്നതാണ്. മറ്റ് തൊഴിലുകൾ (എം.എൽ.റ്റി.എസ്.എസ്.എൽ) അടിസ്ഥാനമാക്കി അപേക്ഷിക്കുന്നതുപോലെ മിനിമം 60 പോയിന്റ് നിങ്ങൾക്ക് ലഭിക്കുമെങ്കിൽ ഇപ്പോൾ ഇ.ഒ.ഐ സമർപ്പിക്കാമെങ്കിലും ഡിപ്പാർട്ട്മെന്റ് ഓഫ് ഇമിഗ്രേഷനിൽ നിന്നും ക്ഷണം ലഭിക്കുകയില്ല.

**ചോദ്യം-2**
**ഷീബ.സി**
ഞാൻ മെഡിക്കൽ ലബോററ്ററി സൈന്റിസ്റ്റ് ആയി കേരളത്തിൽ ജോലി നോക്കുന്നു. എനിക്ക് 15 വർഷത്തിൽ ഏറെ തൊഴിൽ പരിചയമുണ്ട്. ആസ്ട്രേലിയൻ മൈഗ്രേഷന് ഈ തൊഴിൽ അടിസ്ഥാനമാക്കിയുള്ള സാധ്യതകൾ എന്താണ്?

**ഉത്തരം:-** നിങ്ങളുടെ തൊഴിൽ ആസ്ട്രേലിയയിലേക്ക് കുടിയേറ്റത്തിന് ആസ്പദമാക്കാവുന്നതാണ്. നിങ്ങളുടെ ബയോഡാറ്റയിൽ നിന്നും മനസ്സിലാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തിൽ പ്രൊഫിഷന്റ് ലെവൽ നേടുകയാണെങ്കിൽ മൈഗ്രേഷന് ആവശ്യമായ 60 പോയിന്റുകൾ ലഭിക്കുന്നതാണ്. എന്നാൽ നിങ്ങളുടെ തൊഴിൽ ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യുക്കേഷൻ ആൻഡ് ട്രെയിനിംഗിന്റെ ഫ്ളാഗ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നതാണ്. അതായത്, പ്രസ്തുത ഒക്ക്യുപേഷൻ എപ്പോൾ വേണമെങ്കിലും MLTSSL തൊഴിൽപ്പട്ടികയിൽ നിന്നും നീക്കം ചെയ്യപ്പെടാവുന്നതാണ്. എന്നാൽ ഈ തൊഴിൽ 2014 മുതൽ ഫ്ളാഗ്ഡ് ഒക്ക്യുപേഷൻ ലിസ്റ്റിൽ ഉണ്ടെങ്കിലും, ഡിപ്പാർട്ട്മെന്റ് ഓഫ് ഇമിഗ്രേഷൻ, കുടിയേറ്റത്തിനായി മുൻപ് ഉപയോഗിച്ചിരുന്നു സ്കിൽഡ് ഒക്ക്യുപേഷൻ ലിസ്റ്റ് (ഇപ്പോഴത്തെ MLTSSL) ൽ നിന്നും ഇതുവരെ നീക്കം ചെയ്തിരുന്നില്ല. ഈ വരുന്ന ജൂലൈ മാസത്തിൽ പുതിയ MLTSSL പ്രസിദ്ധീകരിക്കുമ്പോൾ ഇക്കാര്യത്തിൽ കൃത്യമായ ധാരണയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ചോദ്യം-3**
**എസ്. വർഗ്ഗീസ്**
ഞാൻ ഇപ്പോൾ ആസ്ട്രേലിയയിൽ സ്റ്റുഡന്റ് വിസയിലാണ്. പ്രസ്തുത വിസ എക്സ്റ്റൻഷന് അപേക്ഷ സമർപ്പിച്ചു. കഴിഞ്ഞ 2 വർഷമായി ഞാൻ ആസ്ട്രേലിയയിൽ യൂണിവേഴ്സിറ്റി തലത്തിൽ മുഴുവൻ സമയ വിദ്യാർത്ഥിയായി പഠിക്കുകയാണ്. എന്റെ ഐ.ഇ.എൽ.റ്റി.എസ് രണ്ട് വർഷത്തിന് മുമ്പ് ഉള്ളതായതിനാൽ, Case ഓഫീസർ, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തിന്റെ പുതിയ തെളിവ് ആവശ്യപ്പെടുകയുണ്ടായി. എന്റെ യൂണിവേഴ്സിറ്റിയിൽ നിന്നും ഞാൻ 2 വർഷമായി ഫുൾടൈം സ്റ്റുഡന്റ് ആയി പഠിക്കുന്ന സർട്ടിഫിക്കറ്റ് തന്നെങ്കിലും ഡിപ്പാർട്ട്മെന്റ് ഓഫ് ഇമിഗ്രേഷൻ അത് സ്വീകരിച്ചില്ല. എന്റെ എക്സറ്റൻഷൻ അപേക്ഷ നിരസിച്ചു.
ഞാൻ പുതിയ അപേക്ഷ സ്റ്റുഡന്റ് വിസയ്ക്ക് നൽകിയാൽ ഇപ്പോഴത്തെ വിസ റെഫ്യൂസൽ അതിനെദോഷകരമായി ബാധിക്കുമോ?

**ഉത്തരം:-**
പുതിയ സ്റ്റുഡന്റ് വിസയ്ക്ക് ഇംഗ്ലീഷ് ലാംഗേജ് റിക്വയർമെന്റ് തൃപ്തികരമായി നൽകണമെങ്കിൽ ഒന്നുങ്കിൽ 2 വർഷത്തിനുള്ളിൽ ലഭിച്ച ഐ.ഇ.എൽ.റ്റി.എസിലോ, തത്തുല്യമായ മറ്റ് ഇംഗ്ലീഷ് ഭാഷപരീക്ഷകളിലോ നിശ്ചിത സ്കോർ ലഭിച്ചിരിക്കണം. അല്ലെങ്കിൽ ഇപ്പോൾ പഠിക്കുന്ന കോഴ്സിന്റെ സബ്സ്റ്റാൻഷ്യൽ പാർട്ട് വിജയകരമായി പൂർത്തീകരിച്ചിരിക്കണം. നിങ്ങളുടെ കോഴ്സുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ നിലവിലെ കോഴ്സിന്റെ സബ്സ്റ്റാൻഷ്യൽ പാർട്ട് പൂർത്തീകരിച്ചോ എന്ന് പറയുവാൻ കഴിയില്ല. ഒപ്പം നിങ്ങളുടെ നിലവിലെ വിസ സ്റ്റാറ്റസ് എന്താണ് എന്നും അറിയാൻ കഴിയുന്നില്ല. പുതിയ സ്റ്റുഡന്റ് വിസ അപേക്ഷിക്കുമ്പോൾ, യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇമിഗ്രേഷൻ തീരുമാനം എടുക്കുന്നത്.

**ചോദ്യം-4**
**നെസ്സി ആൽബർട്ട്, കേരള**
ഞാൻ ബി.ഡി.എസ് ബിരുദധാരിണിയാണ്. എന്റെ ഭർത്താവ് ഇന്ത്യക്ക് പുറത്ത് നേഴ്സ് ആയി ജോലി നോക്കുന്നു. ഞങ്ങൾക്ക് ആസ്ട്രേലിയൻ മൈഗ്രേഷനുള്ള സാധ്യതകൾ എന്താണ്?

**ഉത്തരം:-**
നിലവിലുള്ള കുടിയേറ്റത്തിനുള്ള ഒക്ക്യുപേഷൻ ലിസ്റ്റ് അനുസരിച്ച് ഡെന്റിസ്റ്റ് എന്ന ഒക്ക്യുപേഷൻ ഇൻഡിപെൻഡന്റ് സ്കിൽഡ് മൈഗ്രേഷന് ഉപയോഗിക്കുവാൻ സാധിക്കുകയില്ല. എന്നാൽ സ്റ്റേറ്റ് സ്പോൺസേഡ് മൈഗ്രേഷൻ, എംപ്ലോയർ സ്പോൺസേഡ് വിസകൾ എന്നിവയ്ക്ക് ഈ തൊഴിൽ ഉപയോഗിക്കുവാൻ ഇപ്പോഴും സാധിക്കുന്നതാണ്. എന്നാൽ നിങ്ങളുടെ ഭർത്താവ് വിദേശത്ത് ആർ.എൻ ആയി ജോലി നോക്കുന്നതിനാൽ, ആവശ്യമായ തൊഴിൽ പരിചയം ഈ മേഖലയിൽ ഉണ്ടെന്ന് ധരിക്കുന്നു. അദ്ദേഹത്തിന് ആർ.എൻ ആയി ആസ്ട്രേലിയയിൽ രജിസ്ട്രേഷൻ ലഭിച്ചാൽ ഇവിടേക്ക് നിങ്ങൾ രണ്ട് പേർക്കും കുടുംബസമേതം കുടിയേറുവാനുള്ള സാധ്യതകൾ ഏറെയാണ്. ആർ.എൻ രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള നഴ്സിംഗ് ബ്രിഡ്ജിംഗ് പ്രോഗ്രാം അദ്ദേഹം ചെയ്യേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തിൽ, ഐ.ഇ.എൽ.റ്റി.എസ് (അക്കാദമിക്) (എല്ലാ വിഷയങ്ങൾക്കും) ഒ.ഇ.റ്റി ബി (എല്ലാ വിഷയങ്ങൾക്കും), അല്ലെങ്കിൽ തത്തുല്യമായ മറ്റ് പരീക്ഷകളോ ആദ്യമേ പാസാകേണ്ടതുണ്ട്.

വായനക്കാരുടെ കുടിയേറ്റ നിയമങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മലയാളീപത്രത്തിലൂടെ ലേഖകൻ മറുപടി നൽകുന്നു.

**കുടിയേറ്റങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾ അയയ്ക്കേണ്ടത്:**

**PRATHAP LAKSHMANAN, MA; LLB; LLM; DLP**
(Solicitor/Migration Agent-MARN :1174661)
TN Lawyers & Immigration Consultants
135 B Sandgate Road
Albion, QLD 4010, Australia
M: 0401 866 578 P : +61 7 3194 8816
Email: info@tnmigration.com.au
Web: www.tnlawyers.com.au
Skype: prathap.tnm

**MIGRATE TO AUSTRALIA**

**TN LAWYERS & IMMIGRATION CONSULTANTS**

LAWYERS & MIGRATION AGENTS

Contact: **Prathap Lakshmanan**

LAWYERS & MIGRATION AGENT / EDUCATION AGENT COUNSELLOR

Telephone - **0401 866 578 (m) / 07-31948816(o)**

Website : www.tnlawyers.com.au
Email : info@tnlawyers.com.au
Address : 135 B Sandgate Road
Albion, QLD 4010, Australia

Specialists in: **IMMIGRATION MATTERS & PROPERTY LAW**

**Skilled Visas, Employer Sponsored Visas, Family Visas, Partner Visas, Student Visas, Meritst Judicial Appeals**
**ALL KINDS OF PROPERTY CONVEYANCING**

"WE CARE WE DELIVER"

Our sister concern: TNM Professional Service

## ഇന്ത്യൻ വിദ്യാർത്ഥിനിക്ക് അംഗീകാരം; സാഹിതി ഇനി ബഹിരാകാശത്ത് തിളങ്ങും!

കഴിഞ്ഞ ദിവസം വരെ മുംബൈയിലെ ഒരു സ്കൂളിലെ സാധാരണ വിദ്യാർത്ഥിനിയായിരുന്നു സാഹിതി പിംഗളി. എന്നാൽ, ഇപ്പോൾ അവളുടെ പേരിൽ ഒരു ഗ്രഹം തന്നെയുണ്ട്. മാസങ്ങൾക്ക് മുൻപ് മുംബൈയിലെ തടാകങ്ങളെ മലിനമാക്കുന്ന ഘടകങ്ങളെക്കുറിച്ച് പഠിക്കാൻ തുടങ്ങിയപ്പോൾ ഇത്രയും വലിയൊരു അംഗീകാരം തന്നെത്തേടിയെത്തുമെന്ന് സാഹിതി കരുതിയിരുന്നില്ല.



ഇന്റൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ഫെയറിൽ സമർപ്പിക്കാനുള്ള പ്രോജക്ടിന്റെ ഭാഗമായാണ് സാഹിതി തടാകത്തിന്റെ മലിനീകരണത്തെക്കുറിച്ച് പഠിക്കാൻ തുടങ്ങിയത്. മലിനീകരണത്തിനു കാരണ മാകുന്ന വസ്തുക്കളുടെ ഒരു ഡാറ്റാബേസ് അവൾ ഉണ്ടാക്കി. കൂടാതെ ജലമലിനീകരണത്തോത് കൃത്യമായി കണ്ടെത്താൻ സഹായിക്കുന്ന ഒരു മൊബൈൽ ആപ്പും വികസിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 2,000 പേരോട് മത്സരിച്ച് സാഹിതിയുടെ പ്രോജക്ട് ഒന്നാമതെത്തി.

ഇതിനിടെ സാഹിതിയുടെ പ്രോജക്ട് അമേരിക്കയിലെ എംഐടിയിലെ ലിങ്കൺ ലാബിന്റെ ശ്രദ്ധയിൽപ്പെട്ടു. പുതിയതായി കണ്ടെത്തുന്ന ഗ്രഹങ്ങൾക്ക് പേരു നൽകാനുള്ള അവകാശം ഇവർക്കാണ്. സാഹിതിയുടെ പ്രോജക്ട് ഇഷ്ടപ്പെട്ട ലിങ്കൺ ലാബ് അധികൃതർ സാഹിതിയുടെ പഠനങ്ങൾക്കുള്ള അംഗീകാരമായി ക്ഷീരപഥത്തിൽ പുതിയതായി കണ്ടെത്തിയ കുഞ്ഞൻ ഗ്രഹത്തിന് അവളുടെ പേര് നൽകുകയായിരുന്നു.

# ഇന്ത്യാ ഗേറ്റ്

## ഇല്ലത്ത് നിന്ന് ഇറങ്ങുകയും ചെയ്തു അമ്മാത്ത് എത്തിയുമില്ല

സുജീവ് വർഗ്ഗീസ്
എക്സിക്യൂട്ടീവ് എഡിറ്റർ



**നമ്മുടെ രാജ്യത്തിന്റെയും അതോടൊപ്പം കേരളത്തിന്റെയും ആനുകാലിക രാഷ്ട്രീയ- സാമൂഹിക സാമ്പത്തിക വിഷയങ്ങളെയും മറ്റു സംഭവങ്ങളെയും വിശകലനം ചെയ്ത് കൊണ്ടുള്ള പംക്തി ആണ് ഇന്ത്യാഗേറ്റ്**

മുപ്പത്തിനാല് വർഷത്തെ ഇടവേളയ്ക്ക് ശേഷം മാണിയും കൂട്ടരും യു.ഡി.എഫയുമായുള്ള ബന്ധം ഉപേക്ഷിച്ചു പടിയിറങ്ങിയപ്പോൾ ഇങ്ങനെപെരുവഴിയിൽ നിൽക്കാനാണ് എന്ന് ആരും കരുതിയില്ല. പണ്ട് കോൺഗ്രസിനെതിരെ വിമതശബ്ദമുയർത്തി കെ.എം.ജോർജ്ജ് എന്ന അതികായൻ പടുത്തുയർത്തിയ പാർട്ടി പിന്നീട് മധ്യതിരുവിതാംകൂറിലെ ക്രൈസ്തവരെയും അവരുടെ മെത്രാൻമാരെയും കൂട്ടുപിടിച്ച് കേരളരാഷ്ട്രീയത്തിലെ നിർണ്ണായക ശക്തിയായി മാറി. കെ.എം. ജോർജ്ജിന്റെ കാലശേഷം കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പ് കേരളാ കോൺഗ്രസിലെ പ്രധാനഗ്രൂപ്പായി കഴിഞ്ഞ രണ്ടു ദശാബ്ദമായി കോൺഗ്രസിന്റെ സഖ്യകക്ഷിയായി, കോൺഗ്രസിനെതന്നെ നിയന്ത്രിക്കുന്ന ശക്തിയായി വളരുകയും ചെയ്തു. ഇക്കാലയളവിൽ കേരള കോൺഗ്രസ് വളരുകയും പിളരുകയും ഒക്കെ ചെയ്തെങ്കിലും ഇങ്ങനെഒരവസ്ഥ ഇതിനു മുൻപ് ഉണ്ടായിട്ടില്ല. യു.ഡി.എഫിൽ നിന്ന് പുറത്തു പോകുകയും ചെയ്തു, എൽ.ഡി. എഫിലോ എൻ.ഡി.യിലോ കേറി പറ്റിയതുമില്ല. ഇനി അക്കാര്യത്തിൽ എന്ത് രാഷ്ട്രീയ അടവു നയമാണ് മാണി എന്ന തന്ത്രശാലി പയറ്റാൻ പോകുന്നത് എന്നാണ് കണ്ടറിയാനുള്ളത്. കയ്യാലപ്പുറത്തെ നാളികേരം പോലെ ഇരിക്കുന്ന മാണിയെ ആർക്കു വേണമെങ്കിലും നല്ല ഓഫർ കൊടുത്തു കൂടെ നിർത്താൻ പറ്റുന്ന അവസ്ഥയാണ്.



യു.ഡി.എഫിന്റെ രൂപീകരണം മുതലുള്ള ബന്ധമാണ് മാണി യാതൊരു ന്യായീകരണവുമില്ലാതെ ഉപേക്ഷിച്ചത്. അന്നു മുതൽ കെ.എം. മാണിയും കൂട്ടരും എൽ.ഡി.എഫിലെത്തിയേക്കുമെന്ന അഭ്യൂഹവും ശക്തമാണ്. മുന്നണി സംവിധാനം സജീവമായി നിലനിൽക്കുന്ന കേരളത്തിൽ ഒരു മുന്നണിയിലും ഉൾ പെടാതെ ഒറ്റയ്ക്കു നിൽക്കാൻ കഴിയില്ല എന്ന് മാണിക്കു മറിയാം. കഴിഞ്ഞ മാസം നടന്ന കോട്ടയം ജില്ലാ പഞ്ചായത്ത് തിരഞ്ഞെടുപ്പിലെ ചുവടുമാറ്റം ഈ ദിശയിലേക്കുള്ള മാണിയുടെ പുറപ്പാടാണ്. എന്നാൽ 91 അംഗങ്ങളുമായി നിയമസഭയിലിരിക്കുന്ന ഇടതുമുന്നണിക്കാവട്ടെ മാണിയെ എടുക്കേണ്ട അത്യാവശ്യമില്ല, മാത്രമല്ല മാണിയെ എടുത്താൽ സി.പി.ഐ ചിലപ്പോൾ മറുകണ്ടം ചാടാനും ഇടയുണ്ട്. ബി.ജെ.പിയാവട്ടെ കേരളത്തിൽ ആരെയും സ്വീകരിക്കാൻ തയ്യാറായി നിൽക്കുകയാണെങ്കിലും എൻ.ഡി.എയിൽ കയറുന്നത് മാണിക്ക് അത്ര ശുഭകരമാവില്ല. മകൻ ജോസ് കെ.മാണിക്ക് കേന്ദ്രമന്ത്രി സഭയിൽ പേരിനു ഒരു പദവി കിട്ടിയേക്കും, പക്ഷേ കൂടെയുള്ള ജോസഫ് ഉൾപ്പെടെയുള്ള നേതാക്കളും അണികളും പാർട്ടി വിട്ടേക്കും. അരമനയും മെത്രന്മാരും കൂടെ ഉണ്ടാവും എന്നുറപ്പില്ല. അങ്ങനെ ഒരാവേശത്തിൽ വലിയ പ്രഖ്യാപനങ്ങളും വെല്ലുവിളികളും ഒക്കെ നടത്തി യു.ഡി.എഫ് വിട്ട കെ.എം.മാണി ഇപ്പോൾ എന്തുചെയ്യണമെന്നറിയാതെ നിൽക്കുകയാണ്.

2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പ് വരെ മാണി ഈ അടവു നയവും സമയദൂരവും തുടർന്നേക്കും. അന്ന് വരെ വിലപേശാനുള്ള കഴിവ് നഷ്ടപ്പെടാതിരിക്കാൻ കൂടെയുള്ളവരെ എങ്ങനെയും കൂടെ നിറുത്തും. ഇപ്പോഴത്തെ അവസ്ഥയിൽ പി.ജെ. ജോസഫിന്റെ മനസ്സുകൂടി അറിഞ്ഞേ കെ.എം.മാണി തീരുമാനമെടുക്കൂ. അതിനാലാണ് ബി.ജെ.പി വാതിൽ തുറന്നിട്ടിട്ടും കയറാത്തത്. മാത്രമല്ല രൂപതകളേയും അരമനകളെയും വിശ്വാസത്തിൽ എടുക്കുകയും വേണം. അതോടൊപ്പം മാണിയെ കിട്ടിയാൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ നേട്ടം സൃഷ്ടിക്കാൻ കഴിയുമെന്ന സി.പി.എമ്മിന്റെ വിചാരവും മാണിക്ക് പ്രതീക്ഷ നൽകുന്നുണ്ട്. കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിനു തൊട്ട്മുമ്പ് യു.ഡി.എഫ് സർക്കാരിനെതിരെ അവിശ്വാസം കൊണ്ട് വന്ന് മാണിയെ എൽ.ഡി.എഫ് മുഖ്യമന്ത്രിയാക്കുമെന്നൊക്കെ ശ്രമിച്ചിരുന്നു എന്ന വാർത്തകളൊക്കെ ഇപ്പോൾ പുറത്ത് വന്ന് കഴിഞ്ഞു. മാത്രമല്ല ബാർ കോഴകേസിലും അഴിമതി കേസുകളിൽ നിന്നും ഒക്കെ തൽക്കാലം മോചനം കിട്ടാൻ മാണിക്ക് സി.പി.എം ബാന്ധവം പ്രയോജനപ്പെടും. ഇനി അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പിൽ മാണി യു.ഡി.എഫിൽ ചേരാൻ വീണ്ടും വിചാരിച്ചാൽ ഒരു കോൺഗ്രസുകാരനും എതിരും നിൽക്കില്ല, നിന്നാൽ തന്നെ ഹൈക്കമാൻഡ് എന്ന ഉമ്മാക്കി കാട്ടി നേതാക്കളെ ആന്റണി തന്നെ മെരുക്കും. ഇനി അതുമല്ലെങ്കിൽ ക്രൈസ്തവ സഭകൾ ഇടയലേഖനം ഇറക്കി കോൺഗ്രസിനെവരുതിയിലാക്കും. ഇതൊക്കെയായിരിക്കും മാണിയുടെ കണക്കു കൂട്ടലുകൾ. എന്തായാലും ലോക്സഭ തിരഞ്ഞെടുപ്പിന് ഇനിയും സമയമുള്ളതിനാൽ, മാണിക്ക് തൽക്കാലം പെരുവഴിയിൽ തന്നെ നിൽക്കാം.

വാൽക്കഷണം: ബാലകൃഷ്ണ പിള്ളക്ക് കാബിനറ്റ് പദവി കൊടുത്ത് അച്യുതാനന്ദന്റെ തൊട്ടടുത്ത് ഇരുത്താമെങ്കിൽ മാണിയുടെ ബജറ്റ് അവതരണത്തിൽ താണ്ഡവ നൃത്തമാടിയ ശിവൻകുട്ടിയും മാണിയും പാർട്ടി വേദിയിൽ ഒരുമിച്ച് ഇരിക്കുന്ന കാഴ്ച്ചയും വിദൂരമല്ല.

AMBI'S
INDIAN RESTAURANT & SWEETS
Chef's special selection - hot, fresh and delicious




Eat all you can
Mon/Wed/Thur/Fri 12.00 pm to 3.00 pm
OPEN 7 DAYS FOR DINNER
WED - MON FOR LUNCH
• DINE-IN • PARTY ROOMS
• TAKE AWAY • HOME DELIVERY
• OUTDOOR CATERING
AMBI'S
INDIAN RESTAURANT & SWEETS
138 Pendle Way Pendle Hill NSW 2145
M: 0400 826 246, P: 02 9688 1333, F: 02 9688 1337
ganesh@ambis.com.au • www.ambis.com.au
Find us on Facebook

സജി പോൾ
Phone: 0414412937
paul_5050@yahoo.com.au

# പാചകം

## ബട്ടർ പനീർ മസാല

### ചേരുവകൾ

| | | |
|---|---|---|
| 1. നല്ല പഴുത്ത തക്കാളി | – | 250 ഗ്രാം |
| 2. സവാള | – | 1 |
| 3. കശുവണ്ടിപരിപ്പ് | – | 25 ഗ്രാം |
| 4. പനീർ | – | 150 ഗ്രാം |
| 5. ഗരം മസാലപ്പൊടി | – | 1 ടീസ്പൂൺ |
| 6. മല്ലിപ്പൊടി | – | 1/2 ടീസ്പൂൺ |
| 7. മഞ്ഞൾപ്പൊടി | – | 1/2 ടീസ്പൂൺ |
| 8. കാശ്മീരി ചില്ലി പൗഡർ | – | 2 ടീസ്പൂൺ |
| 9. കസ്തൂരി മേത്തി പൗഡർ | – | 1 ടീസ്പൂൺ |
| 10. ബട്ടർ | – | 50 ഗ്രാം |
| 11. ഉപ്പ് | – | ആവശ്യത്തിന് |
| 12. തേൻ | – | 1/4 ടീസ്പൂൺ |
| 13. ക്രീം | – | 2 ടീസ്പൂൺ |
| 14. വെളുത്തുള്ളി, ഇഞ്ചി പേസ്റ്റ് | – | 1 1/2 ടീസ്പൂൺ |
| 15. എണ്ണ | – | പാകത്തിന് |

### തയ്യാറാക്കുന്ന വിധം

തക്കാളി, സവാള, കശുവണ്ടിപരിപ്പ് എന്നിവ ഒരുമിച്ചാക്കി വേവിച്ച് അരച്ച് മാറ്റിവെക്കുക. ചുവടുകട്ടിയുള്ള പാനിൽ എണ്ണയൊഴിച്ച് ഇഞ്ചി, വെളുത്തുള്ളി പേസ്റ്റ് ചേർത്ത് ഇളക്കുക. പച്ചചുവ മാറിവരുമ്പോൾ ഗരംമസാലപ്പൊടി, മഞ്ഞൾപ്പൊടി, മല്ലിപ്പൊടി, ചില്ലി പൗഡർ എന്നിവ ചേർത്തിളക്കുക. ഇതിലേക്ക് അരച്ചുവച്ചിരിക്കുന്ന പേസ്റ്റ് ചേർത്ത് കൂടെ കുറച്ച് വെള്ളവും ചേർത്ത് വേവിക്കുക. തിളച്ചുവരുമ്പോൾ ബട്ടർ ചേർക്കുക. നന്നായി തിളച്ച് കഴിയുമ്പോൾ കസ്തൂരി മേത്തി, തേൻ, പനീർ, ക്രീം ചേർത്ത് നന്നായി ഇളക്കി യോജിപ്പിച്ച് ഒരു ബൗളിലേക്ക് മാറ്റി സെർവ്വ് ചെയ്യാം.





# ഭീകരവാദത്തിനെതിരെ യോജിച്ച പോരാട്ടം വേണമെന്നു മോദി



**അസ്താന (കസഖ്സ്ഥാൻ)** ഷാങ്ഹായ് സഹകരണ സമിതി (എസ്സിഒ)യിൽ ഇന്ത്യയ്ക്കു ലഭിച്ച അംഗത്വം, ഭീകരവാദവും മേഖലയിലെ മറ്റു വെല്ലുവിളികളും നേരിടുന്നതിനു സമിതിക്കു പുതിയ ദിശാബോധവും ഊർജവും നൽകുമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗ്രൂപ്പിലെ അംഗരാജ്യങ്ങളുടെ പരമാധികാരത്തെയും അഖണ്ഡതയെയും ബാധിക്കാത്ത രീതിയിൽ കൂട്ടായ്മ ശക്തമാക്കണമെന്നും ഭീകരവാദത്തിനെതിരെ യോജിച്ച പോരാട്ടം വേണമെന്നും നരേന്ദ്ര മോദി എസ്സിഒ ഉച്ചകോടിയെ അഭിസംബോധനചെയ്തു പറഞ്ഞു.

മനുഷ്യത്വത്തിനെതിരെയുള്ള വലിയ വെല്ലുവിളിയാണു ഭീകരവാദം. ഭീകരവാദികളയുടെ റിക്രൂട്ട്മെന്റ്, പരിശീലനം, സാമ്പത്തികം സഹായം തുടങ്ങിയവയെ എല്ലാം പരാജയപ്പെടുത്തുന്നതിനു പരിശ്രമം വേണമെന്നു ചൈനീസ് പ്രസിഡണ്ട് ഷി ചിൻപിങ്ങിന്റെയും പാക്കിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന്റെയും സാന്നിധ്യത്തിൽ മോദി പറഞ്ഞു.

എസ്സിഒ രാജ്യങ്ങളുമായി ഇന്ത്യയ്ക്കു വിപുലമായ സഹകരണബന്ധമുണ്ട്. രാജ്യങ്ങൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതു വ്യാപാരവും നിക്ഷേപവും ശക്തിപ്പെടുത്താൻ സഹായകമാകും. ഇതിലാകും ഇന്ത്യ ഊന്നൽ നൽകുക. എസ്സിഒയുടെ വികസനം എന്നതു ലോകജനസംഖ്യയുടെ വലിയൊരു വിഭാഗത്തിന്റെ വികസനമാണ്. കാലാവസ്ഥാമാറ്റം ഉൾപ്പെടെയുള്ള വിഷയങ്ങളിലും അഫ്ഗാനിസ്ഥാനിൽ സമാധാനം കൊണ്ടുവരാനും സമിതിക്കു കഴിയണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

രാജ്യങ്ങളുടെ പരമാധികാരത്തെ ബാധിക്കാത്ത രീതിയിൽ വേണം പരസ്പരമുള്ള സഹകരമെന്ന മോദിയുടെ വാക്കുകൾക്ക് കഴിഞ്ഞ മാസം ബെയ്ജിങ്ങിൽ നടന്ന ബെൽറ്റ് ആൻഡ് റോഡ് ഫോറം ഇന്ത്യ ബഹിഷ്കരിച്ച സാഹചര്യത്തിൽ പ്രത്യേക പ്രധാന്യമുണ്ട്. ഷി ചിൻപിങ്ങിന്റെ സ്വപ്നപദ്ധതിയായ ഒരു മേഖല ഒരു പാത പദ്ധതി പാക്ക് അധിനിവേശ കാശ്മീരിലൂടെ കടന്നുപോകുന്ന സാഹചര്യത്തിലാണ് 29 രാജ്യങ്ങൾ പങ്കെടുത്ത ഫോറം ഇന്ത്യ ബഹിഷ്കരിച്ചത്.

ഉച്ചകോടിക്കു മുമ്പായി ഷി ചിൻപിങ്ങുമായി നരേന്ദ്ര മോദി നടത്തിയ കൂടിക്കാഴ്ചയിൽ ഇരു രാജ്യങ്ങളുടെയും മുഖ്യ ആശങ്കകൾ പരസ്പരം കണക്കിലെടുക്കേണ്ടതിന്റെ പ്രധാന്യം എടുത്തു പറഞ്ഞു. ഇരുരാജ്യങ്ങളും തമ്മിലുള്ള വിനിമയം ശക്തമാക്കണമെന്നും രാജ്യാന്തര വിഷയത്തിലുൾപ്പെടെ കൂടുതൽ സഹകരിക്കണമെന്നും മോദി ചർച്ചയിൽ അറിയിച്ചു.

ഇന്ത്യയ്ക്കും പാക്കിസ്ഥാനും ഈ സമ്മേളനത്തോടെയാണ് എസ്.സി.ഒ. പൂർണ അംഗത്വം ലഭിച്ചത്. ചൈനയ്ക്കു പ്രാധാന്യമുള്ള സുരക്ഷാ കൂട്ടായ്മയിൽ ഇരു രാജ്യങ്ങളും അംഗമാകുന്നതു രണ്ടു വർഷം നീണ്ട നടപടികൾക്കുശേഷമാണ്. ഇന്ത്യയുടെ അംഗത്വത്തിനു റഷ്യയും പാക്കിസ്ഥാനും ചൈനയും പിന്തുണ നൽകി. 2001ൽ ആരംഭിച്ച സമിതിയുടെ ആദ്യവിപുലീകരണമാണിത്.


## വീട്ടിലിരുന്ന ബൈബിൾ പഠിക്കാൻ ഒരു സുവർണ്ണാവസരം!!

*Jesus said "You are mistaken, not knowing the scriptures..."*
(Matthew 22:29)

# BIBLE STUDY

## IN MALAYALAM

(Non religious, non denominational, non biased)

*Watch online, Live/Recorded*
*Join from your home*

Friday - 4.00 pm - 5.30 pm (IST)
Sunday - 2.30 pm - 5.00 pm (IST)
Visit: www.youtube.com/perthfellowship


## പ്രധാനമന്ത്രി മോദി ഈ മാസം യു.എസ് സന്ദർശിക്കും

**വാഷിങ്ടൺ:** പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ക്ഷണപ്രകാരം ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം അവസാനം യു.എസ് സന്ദർശിക്കുമെന്നു സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ്



സ്ഥിരീകരിച്ചു. തീയതി തീരുമാനിച്ചിട്ടില്ല. ട്രംപ് പ്രസിഡണ്ടായശേഷം മോദി നടത്തുന്ന ആദ്യ യു.എസ് സന്ദർശനമാണിത്. ഇരു നേതാക്കളും പലവട്ടം ഫോണിൽ സംസാരിച്ചിരുന്നു.

മുൻ പ്രസിഡണ്ട് ബറാക് ഒബാമയുമായി മോദി എട്ടുവട്ടം ചർച്ച നടത്തിയിരുന്നു. മോദി മൂന്നുവട്ടം വാഷിങ്ടൺ സന്ദർശിച്ചു. 2015-ൽ ഇന്ത്യയുടെ റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി ഒബാമ പങ്കെടുക്കുകയും ചെയ്തു.


